# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.804** **12.06.2013-ൽ മറുപടിക്ക്**

## ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തല താലൂക്കിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുന്നതിനായി 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിൽ എന്ത് തുക വിനിയോഗിക്കപ്പെട്ടു; ഏതെല്ലാം മേഖലകളിലാണ് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുളളത്; നടപ്പ് വർഷം ഇതിനുവേണ്ടി എന്ത് തുക മാറ്റിവച്ചിട്ടുണ്ട്; | (എ) ജപ്പാൻ കടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ നീട്ടുന്നതിന് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിരുന്നില്ല. പദ്ധതിയുടെ രണ്ടാം ഘട്ട വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി പ്രദേശത്തെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി മൊത്തം 275 കിലോമീറ്റർ പൈപ്പ ലൈനുകൾ ഇടുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതിന് വേണ്ടി പ്രത്യേക ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രമങ്ങൾ തുടരുന്നതേയുള്ളൂ. നടപ്പ വർഷം ഇതിന് തുകയൊന്നും മാറ്റിവച്ചിട്ടില്ല. |
| (ബി) ജപ്പാൻ കുടിവെളള പദ്ധതി പ്രകാരം ജനങ്ങൾക്ക് കുടിവെളളം ലഭിക്കുവാൻ ഉൾപ്രദേശങ്ങളിലേയ്ക്കും നിലവിൽ പൈപ്പ് ലൈനുകൾ ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്കും അവ സ്ഥാപിക്കുന്നതിന് ഫണ്ട് വകയിരുത്തിയെന്ന പ്രഖ്യാപനങ്ങൾ വന്നുവെങ്കിലും പലമേഖലകളിലും പൈപ്പ് ലൈനുകൾ സ്ഥാപിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കാമോ; പൈപ്പ് ലൈനുകൾ | (ബി) പൈപ്പ് ലൈനുകൾ നീട്ടുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ സ്ഥാപിക്കാനുള്ള ഫണ്ട് ലഭ്യത ഉറപ്പായിട്ടില്ല. അതുകൊണ്ടാണ് പൈപ്പ് ലൈനുകൾ നീട്ടുവാൻ കഴിയാത്തത്. താഴെപ്പറയുന്ന മുനിസിപ്പാലിറ്റി, പഞ്ചായത്തുകളിലെ പൈപ്പ് ലൈനുകളാണ് നീട്ടുവാൻ ഉദ്ദേശിക്കുന്നത്.<br>1. ചേർത്തല & കൊക്കോതമംഗലം മുനിസിപ്പാലിറ്റി |

| | |
|---|---|
| ദീർഘിപ്പിക്കുവാൻ ഉദ്ദേശി ക്കുന്ന മേഖല ഏതെല്ലാമാ ണെന്ന് വിശദമാക്കാമോ? | 2.ഏഴുപുന്ന<br>3.കോടംതുരുത്ത്<br>4.തുറവൂർ<br>5.വയലാർ<br>6.പട്ടണക്കാട്<br>7.കടക്കരപ്പള്ളി<br>8.പാണാവള്ളി<br>9.പെരുമ്പളം<br>10.അരൂക്കുറ്റി<br>11. പള്ളിപ്പുറം<br>12.തണ്ണീർമുക്കം<br>13.ചേർത്തല സൗത്ത്<br>14. മുഹമ്മ<br>15. കഞ്ഞിക്കുഴി<br>16 മാരാരിക്കുളം<br>17.അരൂർ<br>18. കത്തിയതോട് |

സെക്ഷൻ ഓഫീസർ